കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-2019

### ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

**e-mail: doksd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-10/1159/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 23.12.2019.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്.

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന),
വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം1, 2 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് **ഓൺലൈനായി** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 10/1159/2019. തിയ്യതി:23.12.2019.

# കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും , സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>**ഓഡിറ്റ് നടത്തിയതിന്റെ വിവരം**</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. പി.കെ .ഉണ്ണി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25-11-2019മുതൽ 03-12 -2019വരെ |

<u>**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**</u>

| | |
|---|---|
| ശ്രീ.പി.കിരൺദാസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജെനു കുര്യാക്കോസ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.എം.ബാബു | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.സി.കുഞ്ഞികൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ബിന്ദു.വി.വി | ഓഡിറ്റർ |

<u>**നിർവഹണാധികാരികൾ**</u>

| നിർവ്വഹണ | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അധികാരി | | (1-4-2018 മുതൽ<br>31-3-2019 വരെ) |
| ~~പ്രസിഡണ്ട്~~ | പ്രസീത രാജൻ | 1-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | സുനിൽകുമാർ പി ജി | 01.04..2018 മുതൽ 26.06.2018 വരെ |
| | രജിത്ത് ആർ,<br>അസി . സെക്രട്ടറി<br>(ഇൻ ചാർജ് ഓഫ് സെക്രട്ടറി) | 27.06.2018 മുതൽ- 26.07.2018 വരെ |
| | വി സുകുമാരൻ | 27.07.2018 മുതൽ 14.08.2018 വരെ |
| | രജിത്ത് ആർ,<br>അസി . സെക്രട്ടറി<br>(ഇൻ ചാർജ് ഓഫ് സെക്രട്ടറി) | 15.08.2018 മുതൽ 10.10.2018 വരെ |
| | വിനോദ് കുമാർ എം പി | 11.10.2018 മുതൽ 31.03.2019 വരെ |

<u>നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി . സെക്രട്ടറി | രജിത്ത് ആർ, | 01.04.2018 | 31.10.2018 |
| | വിജയൻ .എം-അസി . സെക്രട്ടറി ഇൻ ചാർജ്ജ് | 01.11.2018 | 02.12.2018 |
| | മുരുഗേഷ് കെ ആർ | 03.12.2018 | 31.03.2019 |
| അസി.എഞ്ചിനിയർ | മോഹനൻ പി വി | 01.04.2018 | 31.03.2019 |
| കൃഷി ഓഫീസർ | പ്രവീൺ ജോൺ, | 01.04.2018 | 03.04.2018 |
| | ഷിജിന വി എം | 04.04.2018 | 01.08.2018 |
| | നിത്യ പി ആർ | 02.08.2018 | 03.09.2018 |
| | അനിൽ സെബാസ്റ്റ്യൻ, | 04.09.2018 | 7.11.2018 |
| | ഫാത്തിമ റൈഹാനത്ത്.കെ | 08.11.2018 | 20.03.2019 |
| | അനിൽ സെബാസ്റ്റ്യൻ, | 20.03.2019 | 21.03.2019.FN |
| | രാജീവൻ വി വി | 21.03.2019.AN | 31.03.2019 |
| വി ഇ ഒ , ഭീമനടി സർക്കിൾ | അനിഷ് ടി വി, | 01.04.2018 | 31.03.2019 |
| വി ഇ ഒ, നർക്കിലക്കാട് സർക്കിൾ | അബ്ദുൾ നാസർ എം | 01.04.2018 | 23.08.2018 |
| | പ്രവീൺ കുമാർ കെ വി | 24.08.2018 | 23.03.2019 |
| | വി ഇ ഒ , ഭീമനടി സർക്കിൾ,ചാർജ്ജ് | 24.3.2019 | 31.3.2019 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ. ഷിജിൻ ജോൺ ആലൂർ | 01.04.2018 | 31.03.2019 |
| | | | |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ഭാഗ്യശ്രീ, | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ~~ഡോ അഞ്ജു സി രാജ്~~ | ~~01.04.2018~~ | ~~20.07.2018~~ |
| | ഡോ ശോഭ, | 21.07.2018 | 31.03.2019 |
| വെറ്റിനറി സർജ്ജൻ | ഡോ ജിബിൻ ചെറിയാൻ | 01.04.2018 | 31.03.2019 |
| ഹെഡ്മാസ്റ്റർ | സെബാസ്റ്റ്യൻ | 01.04.2018 | 31.03.2019 |
| ഐ സി ഡി എസ് സൂപ്പർവൈസർ | റീനാകുമാരി പി | 01.04.2018 | 31.03.2019 |
| ഡയറിഫാംഇൻസ്ട്രക്ടർ | മനോജ്കുമാർ | 01.04.2018 | 31.03.2019 |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-11 |
| 12 | 2018-19 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് അടവാക്കിയിട്ടില്ല | 1-12 |
| 13 | ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. | 1-13 |
| 14 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല. | 1-14 |
| 15 | ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകത | 1-15 |
| 16 | നാപ്കിൻ വാങ്ങിയത് - വിതരണ രേഖകൾ ലഭ്യമാക്കിയില്ല. | 1-16 |
| 17 | ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം പ്രോത്സാഹിപ്പിക്കുന്നു. | 1-17 |
| 18 | പട്ടികവർഗ്ഗ വനിതകൾക്ക് വിവവാഹ ധനസഹായം അപാകത. | 1-18 |

| | | |
|---|---|---|
| 19 | ചെന്നടുക്കം എസ്.ടി കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് തുക കേരള കേരളാ ജല അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് - അപാകത. | 1-19 |
| 20 | കുവപ്പാറ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷന് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ തുക നിക്ഷേപിച്ചത് - അപാകത. | 1-20 |
| 21 | പ്രോജക്ട് നമ്പർ.SO102/19- വയോജനങ്ങൾക്ക് കട്ടിൽ-(പട്ടിക വർഗ്ഗം) അപാകത. | 1-21 |
| 22 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-22 |
| 23 | ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-23 |
| 24 | തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് - തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-24 |
| 25 | പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കേണ്ടതാണ് | 1-25 |
| 26 | ആനുകൂല്യം അനുവദിച്ചിട്ടില്ലായെന്ന വകുപ്പ് തല സാക്ഷ്യ പത്രം ഹാജരാക്കിട്ടില്ല. | 1-26 |
| 27 | ലൈഫ് മിഷൻ പദ്ധതി - പൊതു അപാകതകൾ | 1-27 |
| 28 | വനിതകൾക്ക് യോഗ പരിശീലനം - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാനദണ്ഡം പാലിച്ചു കാണുന്നില്ല | 1-28 |
| 29 | മരാമത്ത് പ്രവൃത്തികൾ- പ്രവൃത്തി നിർവഹണത്തിലെ കാലതാമസം | 1-29 |
| 30 | സ്വകാര്യ ഉടമയുടെ വിനോദ സംരംഭ പദ്ധതി - സുരക്ഷാ ക്രമീകരണങ്ങളിലെ ആശങ്കകൾ | 1-30 |
| ഭാഗം II<br>വരവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 31 | ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകത | 2-1 |
| ഭാഗം III<br>ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | ഇല്ല | |
| ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനം | | |
| 32 | വാർഷികധനകാര്യപത്രികപരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 36 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 37 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |

| | | |
|---|---|---|
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


<u>അനുബന്ധപത്രികകൾ</u>

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2018-19 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | 1/1/2018 തിയതി06.03.2018 | 2/2019 തിയതി 29.01.2019 |
| മുന്നിരിപ്പ് | 6220514 | 5567711 |
| വരവ് | 190214124 | 133138887 |
| ആകെ | 196434638 | 138706598 |
| ചെലവ് | 191010441 | 122111953 |
| നീക്കിയിരിപ്പ് | 5424197 | 16594645 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 16.4.2019 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 55,67,711 |
| | |

| | |
|---|---|
| വരവ് | 13,31,38,887 |
| ആകെ | 13,87,06,598 |
| ചെലവ് | 12,2,111,953 |
| നീക്കിയിരിപ്പ് | 1,65,94,645 |

# 1-4 ഫണ്ട് വിനിയോഗം

**ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 23407455 | 23407455 | 23406105 | 1350 | 99.9 |
| വികസനഫണ്ട് എസ്.സി.പി. | 0 | 255000 | 255000 | 221139 | 33861 | 87 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10455000 | 10455000 | 9138457 | 1316543 | 87 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8251000 | 8251000 | 8251000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4740000 | 4740000 | 4387151 | 352849 | 93 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10874000 | 10874000 | 10704271 | 169729 | 98 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 0 | 0 | 0 | 0 | --- |
| ആകെ | 0 | 57982455 | 57982455 | 56108123 | 1874332 | |

** നീക്കിയിരിപ്പ് ഉകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടവയാണ് .

**<u>ഫണ്ട് വിനയോഗം(റസീപ്റ്റ് ആന്റ് പെയ്മെന്റ് പത്രിക പ്രകാരം)</u>**

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 23406105 | 23406105 | 23406105 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 221139 | 221139 | 221139 | 0 |
| വികസനഫണ്ട് ടി എസ് പി | 0 | 9138457 | 9138457 | 9138457 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാൻറ് റോഡ് | 0 | 8251000 | 8251000 | 8251000 | 0 |
| സംരക്ഷണ ഗ്രാൻറ് നോൺ റോഡ് | 0 | 4387151 | 4387151 | 4387151 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 0 | 10704271 | 10704271 | 10704271 | 0 |
| പെർഫോമൻസ് ഗ്രാൻറ് | 0 | 0 | 0 | 0 | 0 |
| എം ജി എൻ ആർ ജി എസ് | 6791 | 47030701 | 47030701 | 47030701 | |
| ബി ഫണ്ട് (R&P പ്രകാരം) തൊഴിൽ രഹിത വേതനം | 0 | 51960 | 51960 | 51960 | 0 |
| വിവാഹ ധനസഹായം | 0 | 60000 | 60000 | 60000 | 0 |
| നെൽകൃഷി ഉൽപാദന ബോണസ് | 0 | 0 | 0 | 0 | 0 |
| MGNREGA 100തൊഴിൽ ദിനം ഇൻസെൻറീവ് | 0 | 246000 | 246000 | 246000 | 0 |
| ട്രഷറി തനത് ഫണ്ട്.& ജനറൽ പർപ്പസ് ഫണ്ട് | 664419 | 20001250 | 20665669 | 11715398 | 8950271 |
| ട്രഷറി സംയുക്ത പദ്ധതി | -138720 | 4693000 | 4554280 | 3190547 | 1363733 |
| തൊഴിലുറപ്പ് പദ്ധതി (SBI ) Admin | 7241 | 1666736 | 1673977 | 1657789 | 16188 |
| എസ്.എസ്.എ | 0 | 0 | 0 | 0 | 0 |
| കാനറാ ബാങ്ക് | 4372 | 11250000 | 11254372 | 11242432 | 11940 |
| സഹകരണ ബാങ്ക് റിലീഫ് | 15055 | 1907 | 16962 | 0 | 16962 |
| തനത് ഫണ്ട് -സഹകരണ ബാങ്ക് | 4453625 | 3964509 | 8418134 | 4103343 | 4314791 |
| തനത് ഫണ്ട്- ഇ പേയ്മെന്റ് SBI | 71264 | 1836500 | 1907764 | 1798319 | 109445 |
| കനറാ ബാങ്ക് സാക്ഷരതാ | 15244 | 541 | 15785 | 0 | 15785 |
| കനറാ ബാങ്ക് ടി.എസ്.സി | 16751 | 1341438 | 1358189 | 0 | 1358189 |

# 1-5 പദ്ധതി അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം,നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം നിർബന്ധമായും രൂപീകരിക്കേണ്ട ഒരു സമിതിയാണ് ആസൂത്രണ സമിതി.09.01.2017 – ലെ ജി.ഒ.(എം.എസ്)72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് രൂപികരിച്ച ആസൂത്രണ സമിതിയിൽ 13 അംഗങ്ങളാണുള്ളത്. ഗ്രാമപഞ്ചായത്ത് ഭരണസമിതി 27/01/2017ലെ 16/2017ാം നമ്പർ തീരുമാന പ്രകാരം ആസൂത്രണസമിതി അംഗങ്ങളെ , നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്.

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

ഗ്രാമപഞ്ചായത്തിന്റെ വികസനരേഖ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

## സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവ്, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നത്, വൗച്ചറുകളുടെ കൃത്യത, ബഡ്ജറ്റ്, ഓഡിറ്റ്, ഫ്രണ്ട് ഓഫീസ് പ്രവർത്തനം, ഓഡിറ്റ് മോണിറ്ററിംഗ് കമ്മറ്റി, വാർഷീക ധനകാര്യ പത്രിക, ഐ എസ് ഒ പ്രവർത്തനം, സദ്ഭരണം എന്നിവ സംബന്ധിച്ച്. വിലയിരുത്തിട്ടുണ്ട്. പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, വികസന സെമിനാർ, തുടങ്ങിയവയെക്കുറിച്ച് വികസന സ്റ്റാൻഡിങ്ങ്കമ്മിറ്റി ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ പ്രധാനമായും സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി ബന്ധപ്പെട്ട ചർച്ചകളും തീരുമാനങ്ങളുമാണ് വന്നിട്ടുള്ളത്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ആയുർവേദം, അലോപ്പതി,ഹോമിയോ എന്നീ വിഭാഗത്തിലെ പദ്ധതി നിർവ്വഹണത്തെക്കുറിച്ച് ചർച്ച നടത്തുകയുണ്ടായി. ശുചിത്വം, കുടിവെള്ളം എന്നിവയെക്കുറിച്ചുള്ള ചർച്ചകളും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി നടത്തുകയുണ്ടായി. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തലുകൾ സ്റ്റാൻഡിംഗ് കമ്മറ്റികളിൽ നടത്തിയിട്ടുണ്ട്.

## വർക്കിംഗ് ഗ്രൂപ്പുകൾ :

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല.

## മോണിറ്ററിംഗ്:

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തപദ്ധതി അവലോകനംമായി രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ഈ വിഷയം ഗൗരവപൂർവ്വം കൈകാര്യം ചെയ്തതായി കാണുന്നില്ല. തുടർന്നങ്ങോട്ട് ഓരോ പ്രോജക്ട് പൂർത്തിയാകുമ്പോഴും കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്.ആസൂത്രണ സമിതിയിൽ 13 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട് -ഈ ആസൂത്രണസമിതി 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 5.12.17,3.3.18, 2.10.18 എന്നീ തീയതിയിൽ യോഗം ചേരുകയുണ്ടായി.

## വികസന സെമിനാർ :

15-03-2018 ന് ഏകദിന സെമിനാർ സംഘടിപ്പിച്ചു. ഇതിൽ 218 പേർ പങ്കെടുത്തു. വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാറിൽ ഗ്രൂപ്പ് ചർച്ച നടന്നു.കരട് വികസന, രേഖ കരട് പദ്ധതിരേഖ എന്നിവ വികസന സെമിനാറിൽ വിതരണം ചെയ്യുകയുണ്ടായി.

**<u>അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം:</u>**

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെകൊടുക്കുന്നു

| | |
|---|---|
| ആകെപ്രോജക്ടുകൾ | 211 |
| പുതിയ പ്രോജക്ടുകൾ | 166 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 45 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7240 | 1659950 | 1667190 | 1658700 | 8490 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 43280060 | 43280060 | 43280060 | 0 |
| ആകെ | 7240 | 44940010 | 44947250 | 44938760 | 8490 |

# 1-7 ക്ഷേമപദ്ധതികൾ

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 51960 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 7378600 | 645 |
| വിധവാ പെൻഷൻ | 11496000 | 982 |
| വാർദ്ധക്യകാല പെൻഷൻ | 24036400 | 2076 |
| വികലാംഗ പെൻഷൻ | 4264300 | 333 |
| അവിവാഹിതരായ 50 വയസ്സുകഴിഞ്ഞ അമ്മമാരുടെ പെൻഷൻ | 300000 | 28 |
| വിധവകളുടെ മക്കൾക്ക് വിവാഹ ധനസഹായം | 60000 | 2 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-11-2019 തീയതിയിൽ 3.00 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ

സാനിധ്യത്തിൽ നടത്തുകയുണ്ടായി.ക്യാഷ് ബാലൻസായ 6,387/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

**പൊതുനിയന്ത്രണം**

അക്കൌണ്ടിങ്ങ് നടപടികളെ കുറിച്ചുള്ള എഴുതപ്പെട്ട രേഖ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്. ഗ്രാമ പഞ്ചായത്തിൽ വിവിധ ജീവനക്കാർക്ക് ഓഫീസ് ഓർഡർ പ്രകാരം ജോലി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. വരവ് ചെലവുകളെ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും ക്രമീകരിക്കുന്നതിനുമായി സ്ഥാപനത്തിൽ ബഡ്ജററ് പാസ്സാക്കിയിട്ടുണ്ട്. അപാകതകൾ ഉണ്ടെങ്കിലും പഞ്ചായത്തിന്റെ ധനപരമായ രേഖകളും വരവ് ചെലവ് പത്രികകളും പഞ്ചായത്തിന്റെ ധനപരമായ പ്രവർത്തനങ്ങളെ വിശദീകരിക്കുവാൻ പര്യാപ്തമാണ്. സേവനാവകാശനിയമം അനുശാസിക്കുന്ന തരത്തിലുള്ള സേവനങ്ങൾ എത്ര സമയത്തിനുള്ളിൽ ലഭ്യമാകും എന്ന് വ്യക്തമാക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ ബോർഡ് നിലവിൽ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. വിവരാവകാശനിയമം അനുശാസിക്കുന്ന തരത്തിലുള്ള ബോർഡും പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

**അക്കൌണ്ടിങ്ങ് സമ്പ്രദായം**

അക്കൌണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട് .നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൌണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡിയറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. മാസാന്ത്യങ്ങളിൽ റീകൺസിലിയേഷൻ നടത്തിവരാറുണ്ട്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൌണ്ടിങ്ങ് രേഖകളിലേക്കുമുള്ള പ്രവേശനം (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

**പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം**

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. ആയതു് പഞ്ചായത്തിന്റെ വരവ് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുമുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന പണത്തിന് നിലവിൽ ഇൻഷുറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.

**ഡ.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം**

ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി. രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട് ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും

ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ,സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

<u>നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം</u>

നികുതികൾ കൃത്യമായി കണക്കാക്കി ഡിമാന്റ് ചെയ്യാനുള്ള നടപടികൾ സ്വികരിച്ചിട്ടുണ്ട്. നികുതികൾ പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്.

<u>പ്രൊക്യൂർമെൻറ്, സ്റ്റോർ എന്നിവയ്ക്കുമുകളിലുള്ള നിയന്ത്രണം</u>

ഗ്രാമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി 2018-19 വർഷത്തിൽ യോഗം ചേർന്നത് സംബന്ധിച്ച മിനുട്സ് ഓഡിറ്റിന് ലഭ്യമാക്കിയില്ല.

<u>കൺട്രോൾ ഓവർ പേറോൾ</u>

ജീവനക്കാരുടെ സേവനപുസ്തകം സൂക്ഷിക്കുന്നുണ്ട്. പേ റിവിഷൻ, അഡ്ജസ്റ്റ്മെന്റ് സംബന്ധമായ കാര്യങ്ങൾ കൃത്യമായി പരിശോധിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. എല്ലാ കണ്ടീജൻറ് ചെലവുകളും ബാങ്ക് അക്കൗണ്ട് വഴി ആക്കേണ്ടതാണ് എന്നുള്ള സർക്കാർ നയം പാലിക്കേണ്ടതാണ്.

<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ജീവനക്കാർ പേർസണൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയത് സൂക്ഷിക്കേണ്ടതാണ്. ലോൺരജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 18-4-2002മുതൽ 4-5-2002വരെ | 1997-98മുതൽ 1999-2000വരെ | 1-07-2002 |
| പെർഫോമെൻസ് ഓഡിറ്റ് | 22-07-2019മുതൽ 23-7-2019വരെ | 01/2019 മുതൽ 06/2019വരെ | 08-08-2019 |

# 1-11 വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ

**വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ**

1. 2017-18വർഷത്തെ വാർഷിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ മുഴുവൻ പരിഹരിച്ചിട്ടില്ല. വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയി ട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62 (2) (ഇ), (എഫ്).
2. എല്ലാ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെയും റീ-കൺസിലിയേഷൻ നടത്തിയിട്ടു ണ്ടെങ്കിലും ആയവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ വെസ്റ്റ് ഏളേരി SCB (450230101)-യുടെ റീ-കൺസിലിയേഷൻ പത്രികയിൽ മൂന്ന് മാസത്തിലധികം പഴക്കമുള്ള ചെക്ക് (₹600) ഉൾപ്പെടുത്തിക്കാണുന്നു. (വൗച്ചർ നം 21800653/ 26.10.2018).
3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ താഴെ പറയുന്ന ശീർഷകങ്ങളിൽ തുക നീക്കിയിരിപ്പുണ്ട്.

| Code No | Particulars | Amount |
|---|---|---|
| 320700104 | Contributions for joint venture projects (for Capital Expenditure) – from Block Panchayats | 9,25,000 |
| 320700105 | Contributions for joint venture projects (for Capital Expenditure) – from dist Panchayats | 2,73,330 |
| 320700204 | Contributions for Joint Venture Projects (for Revenue Expenditure) – from Block Panchayats | 2,19,580 |
| 320700205 | Contributions for Joint Venture Projects (for Revenue Expenditure) – from dist Panchayats | 1,33,631 |
| 320700405 | Contributions for Other Specific Purposes (for Capital Expenditure) – from dist Panchayats) | 4,03,750 |
| 320800199 | Other grants , funds & contributions for specific purposes-capital | 26,07,667 |
| 320200399 | Grants, funds & contributions for specific purposes- other than devalopment fund and state sponsore | 48,942 |
| 320200322 | Grants from suchithwa mission | 23,35,993 |

നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. വികസനഫണ്ട് SCP ഇനത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് 2,24,192 രൂപയാണ്, എന്നാൽ വാർഷികകണക്കിൽ ഉൾപ്പെടുത്തിയത് 2,21,139 രൂപയാണ്. വ്യത്യാസം 3,053 രൂപ.
5. വസ്തുനികുതി കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

6. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ പരിപാലിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് (B-11 Schedule) പ്രകാരമുള്ള ആസ്തികളുടെ രേഖപ്പെടുത്തൽ പരിശോധിക്കാനായിട്ടില്ല.

7. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 350800119-liability for programme/ scheme expenditure എന്ന ഹെഡിൽ 53,864 രൂപ നീക്കിയിരിപ്പ് തുകയുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഈ തുക ഇതേ ഹെഡിൽ 2017-18 വർഷത്തെ ബാലൻസ് ഷീറ്റിലും ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്.

8. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 350800299- other liabilities എന്ന ഹെഡിൽ 3,58,263 രൂപ നീക്കിയിരിപ്പ് തുകയുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

9. അഡ്വാൻസ് രജിസ്റ്റർ സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് അഡ്വാൻസുകൾ ക്യാരി ഓവർ ചെയ്തിട്ടില്ല. 2018-19 ൽ രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല.

10. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ല. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് ഡെപ്പോസിറ്റുകൾ ക്യാരി ഓവർ ചെയ്തിട്ടില്ല. 2018-19 ൽ രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് ഡെപ്പോസിറ്റുകളുടെ വിശദ വിവരങ്ങൾ (ഡെപ്പോസിറ്ററുടെ പേര്, ഉദ്ദേശം, റസീറ്റ് നം, തിയതി) പഞ്ചായത്തിൽ ലഭ്യമല്ല.

11. 350200201, 350200202, 350300203, 350400102 എന്നീ ഹെഡുകളിൽ 2017 മുമ്പുള്ള നീക്കിയിരിപ്പ് തുകകൾ അതേപടി നില നിർത്തിക്കാണുന്നു. ഈ നീക്കിയിരിപ്പ് ബാദ്ധ്യതകളുടെ നിജസ്ഥിതി ബോദ്ധ്യപ്പെട്ടിട്ടില്ല.

12. പരിശോധനയക്ക് ഹാജരാക്കിയ എഫ്.ടി.ഒ സമ്മറി പ്രകാരം 2018-19-ൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ആകെ EFMS തുക 4,59,39,785 രൂപയാണ്. എന്നാൽ ധനകാര്യ പത്രികയിൽ ആകെ EFMS തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 4,53,65,121 രൂപയാണ്. വ്യത്യാസം 5,74,664 രൂപ.

## 1-12 2018-19 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് അടവാക്കിയിട്ടില്ല

സർക്കുലർ നം.10088/എൽ3/05/തസ്വഭവ, തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2018-19 ൽ വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറിസെസ് 91,644/- രൂപ നാളിതുവരെ ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന്

## തിരികെ ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഈ ടെണ്ടർ മുഖേന നടപ്പാക്കിയ **13** പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വേളയിൽ കരാറുകാർ ഓൺലൈനായി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട തുക ആകെ **43,300/-** രൂപ തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (കാസറഗോഡ്) അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്. പ്രസ്തുത തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് തിരികെ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ 2014-15 വർഷം മുതൽ ഈയിനത്തിൽ തുക ലഭ്യമാകുവാനുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ പ്രസ്തുത തുകയും തിരികെ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 1-14 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ ( ജി.ഒ. (എം.എസ്) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രൊജക്റ്റ് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

## 1-15 ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകത – 3800 രൂപയുടെ നഷ്ടം .

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232-(1) പ്രകാരം, മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യത ഉള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾ, പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായുംപഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന്, കേരളാ പഞ്ചായത്ത് രാജ് ചട്ടം 18 ലെ പട്ടിക iii പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലെ ചീർക്കയം എന്ന സ്ഥലത്ത് അലക്സ് തോമസ് എന്നവരുടെ ഉടമസ്ഥതയിലുള്ള NJT ഗ്രാനൈറ്റ്സ് എന്ന സ്റ്റോൺ ക്രഷറിൽ പ്രവർത്തിക്കുന്ന530 കുതിര ശക്തിയുള്ള വൈദ്യുതി യന്ത്രത്തിന് ആനുപാതികമായി ചുമത്താവുന്ന ഫീസ് പഞ്ചായത്ത് പൂർണ്ണമായും ചുമത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 14/2018-19 തിയ്യതി .30.11.2019 ) വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രഷറിൽ ഉപയോഗിക്കുന്ന യന്ത്രത്തിൻറെ കുതിരശക്തി | ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് | ഈടാക്കാനുള്ള ലൈസൻസ് ഫീ |
|---|---|---|---|

| | | ഫീസ് | |
|---|---|---|---|
| 530 | 5300 | 1500 | 3800 |

ഈടാക്കാനുള്ള ലൈസൻസ് ഫീ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 നാപ്കിൻ വാങ്ങിയത് - വിതരണ രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പി.എച്ച്.സി കൾക്ക് നാപ്കിൻ.ലാബ് റീ ഏജന്റ് വാങ്ങൽ,ബയോമെഡിക്കൽ വെയിസ്റ്റ് മാനേജ്മെൻറ് |
| പ്രോജക്റ്റ് നമ്പർ | 116/2018-19 |
| അടങ്കൽ | 7,00,000(മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി പി.എച്ച്.സി കൾക്ക് നാപ്കിൻ വേണ്ടി താഴെ ക്കാണിച്ച ബിൽ പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്.

| ബിൽ നമ്പർ | ബിൽ തുക | പണമാക്കിയ തീയതി |
|---|---|---|
| 36 | 76000രൂപ | 15.3.2019 |
| 9 | 24000രൂപ | 31.3.2019 |
| ആകെ | 100000രൂപ | |

ഈ 100000രൂപയ്ക്ക് ജനൗഷദി ചെറുവത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും ഒരു നാപ്കിന് 10 രൂപനിരക്കിൽ 31.10.2018,13.3.1019 എന്നീ തീയതികളിൽ 2 ഘട്ടങ്ങളിലായി 10000 നാപ്കിനുകൾ വാങ്ങിയിട്ടുണ്ട്. വിവരം ചുവടെ കൊടുക്കുന്നു.

| ഇൻവോയിസ് നമ്പർ | തീയതി | വാങ്ങിയ നാപ്കിന്റെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 2017181987 | 30.10.2018 | 2400 | 24000രൂപ |
| 2017183085 | 13.3.2019 | 7600 | 76000രൂപ |
| | ആകെ | 10000 | 100000രൂപ |

എന്നാൽ ഇപ്രകാരം വാങ്ങിയ 10000 നാപ്കിനുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. നാപ്കിനുകൾ വിതരണം ചെയ്ത രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ നാപ്കിൻ വാങ്ങുന്നതിനായി ചെലവഴിച്ച 100000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-17 ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം പ്രോത്സാഹിപ്പിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി XV പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അസംഘടിത അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യത സർക്കാർ സ്വയം ഏറ്റെടുത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 258/- രൂപ). ഇതു വഴി ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽ രഹിതരായ യുവതീ/യുവാക്കൾ പഞ്ചായത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതി പ്രകാരം പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷങ്ങളിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2018-19 | 37 | 51,960 |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നരിക്കേ ആയതിന് പകരം താൽകാലിക

ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുന്നത് ശരിയായ നടപടിയല്ല. പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്.

ആയതിനാൽ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്ന ഗുണഭോക്താകളുടെ വേതനത്തിനുള്ള അർഹത വ്യക്തമായി പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ രഹിത വേതനം അനുവദിക്കലും വിതരണവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സാമൂഹ്യ സുരക്ഷ വിഷയഘടകങ്ങളിലെ ചുമതലകളിൽ പെടുന്നു. ഇതിന്റെ ഭാഗമായ ചുമതലകളിൽ തൊഴിൽ രഹിതരായ വ്യക്തികൾക്ക് വേതനം നൽകുന്ന സ്കീമുകളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക, അപേക്ഷകൾ ക്ഷണിക്കുക, മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ചുരുക്കപട്ടിക തയ്യാറാക്കുക, ഒരു തൊഴിലും ലഭ്യമായിട്ടില്ലാത്ത അപേക്ഷകരെയും, പഞ്ചായത്ത് നടപ്പാക്കുന്ന ഒരു സ്കീമിന്റെയും ആനുകൂല്യംലഭിക്കാത്തവരെയും കണ്ടെത്തുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ നടപടികൾ സ്വീകരിച്ച് വരും വർഷങ്ങളിൽ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്ന ഗുണഭോക്താകളുടെ എണ്ണം കുറക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-18 പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട് - വികസന ഫണ്ട് (ടി.എസ്.പി)

പ്രൊജക്റ്റ് നം.S0011/19

ബിൽ നമ്പർ - 02/2018-19 തീയ്യതി.22-09-2018 –15,00,000/-

ബിൽ നമ്പർ - 05/2018-19 തീയ്യതി.21-11-2018 –4,50,000/-

ബിൽ നമ്പർ - 10/2018-19 തീയ്യതി.27-02-2019 –75,000/-

ആകെ = 20,25,000/-

ഗ്രാമ പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് രക്ഷിതാക്കൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഈ പദ്ധതിയിൽ മേൽ സൂചിപ്പിച്ച 3 ബില്ലുകൾ പ്രകാരം ആകെ 20,25,000/- രൂപ 27 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 75,000/- രൂപ വീതം പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് | അപേക്ഷാ തിയ്യതി | വിവാഹ തിയ്യതി | തുക |
|---|---|---|---|---|
| 1 | ലക്ഷ്മി.എം, വെള്ളാട്ട് ഹൗസ്, മയിലുവള്ളി, എളേരിത്തട്ട് | 16-02-2018 | 12-11-2017 | 75,000/- |
| | | | | |

| | | | | |
|---|---|---|---|---|
| 2 | വിലാസിനി, കാവുകാരൻ വീട്, നാട്ടക്കൽ | ഇല്ല | ഇല്ല | 75,000/- |
| 3 | രാധാമണി, മുടന്നേൻപ്പാറ, നാട്ടക്കൽ | ഇല്ല | ഇല്ല | 75,000/- |
| 4 | ശോഭന ഗംഗാധരൻ, ഇഞ്ചിക്കൽ വീട്, പറമ്പ | ഇല്ല | ഇല്ല | 75,000/- |
| 5 | ജയ മേഹനൻ, കുറവാട്ട് വീട്, മൗവ്വേനി, കോട്ടമല | 20-05-2018 | 01-04-2018 | 75,000/- |
| 6 | കുമ്പ, പാട്ടത്തിൽ വീട്, കാറ്റാംകവല | 20-06-2018 | 22-04-2018 | 75,000/- |
| 7 | കല്ല്യാണി, പറമ്പ, ഒറ്റക്കവുങ്ങ് | ഇല്ല | ഇല്ല | 75,000/- |

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. ഈ പദ്ധതിക്ക് അപേക്ഷ സമർപ്പിച്ച മേൽ പ്രകാരമുള്ള പട്ടികയിലെ ക്രമ നമ്പർ 3 ൽ ഗുണഭോക്താവിന്റെ അപേക്ഷകളിൽ അപേക്ഷ തീയ്യതിയും, വിവാഹ സർട്ടിഫിക്കറ്റും ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
2. ക്രമ നമ്പർ 6 ൽ അപേക്ഷകയുടെ മക്കൾ ആയ അശ്വതി ബാലൻ എന്നവരുടെ പേര് റേഷൻ കാർഡിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്റ്റ് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ. 07/28-11-2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയെങ്കിലും മുഴുവനായും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചൂണ്ടികാണിച്ച അപാകതകൾക്ക് ക്രമ നമ്പർ 3 ൽ ഗുണഭോക്താവിന്റെ അപേക്ഷകളിൽ അപേക്ഷ തീയ്യതിയും, വിവാഹ സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടില്ല, കൂടാതെ ക്രമ നമ്പർ 6 ൽ അപേക്ഷകയുടെ മക്കൾ ആയ അശ്വതി ബാലൻ എന്നവരുടെ പേര് റേഷൻ കാർഡിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 20,25,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-19 ചെന്നടുക്കം എസ്.ടി കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് തുക കേരള കേരളാ ജല അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് - അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട് - വികസന ഫണ്ട് (ടി.എസ്.പി)

പ്രൊജക്ട് നം.S0215/19

ബിൽ നമ്പർ - 06/2018-19 തീയ്യതി.22-12-2018 –2,20,000/-

വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ ചെന്നടുക്കം പട്ടികവർഗ്ഗ കോളനിയിലേക്കുള്ള കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്കായി കേരളാ ജല അതോറിറ്റി നം.ഡി-1-12427/2018,തിയ്യതി. 22-12-2018 പ്രകാരം 2,20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. വികസന ഫണ്ടിൽ (ടി.എസ്.പി) നിന്നും 2,20,000/-രൂപ കേരളാ ജല അതോറിറ്റി ബാങ്ക് അക്കൗണ്ട് നം.10510439545 (എസ്.ബി.ഐ, കാസർഗോഡ്) ൽ നിക്ഷേപം നടത്തുകയും 24-01-2019 ന് കേരളാ ജല അതോറിറ്റിയുമായി കരാർ ഒപ്പ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1)ഈ പദ്ധതിക്കായി മേൽപറഞ്ഞ ബില്ല് പ്രകാരം ആകെ 2,20,000/- രൂപ കേരളാ ജല അതോറിറ്റിയിൽ നിക്ഷേപം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2)ഈ പദ്ധതിക്കായി കേരളാ ജല അതോറിറ്റി സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണസമിതി അംഗീകാരം നൽകിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)ഈ പവൃത്തി പൂർത്തീകരിച്ചുവോ, ഇല്ലെങ്കിൽ നിലവിലെ സ്ഥിതി എന്താണ് എന്ന് വിശദമാക്കിയിട്ടില്ല. ഈ പ്രവൃർത്തികൾ പൂർത്തികരിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4)മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ. 05/28-11-2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കാൻ കേരള കേരളാ ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദവിവിരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 2,20,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-20 കൂവപ്പാറ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷന് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ തുക നിക്ഷേപിച്ചത് - അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട് - വികസന ഫണ്ട് (ടി.എസ്.പി)

പ്രൊജക്ട് നം.S0243/19

ബിൽ നമ്പർ - 12/17-18 തീയ്യതി.13-03-2019 – 95,000/-

ബിൽ നമ്പർ - 13/17-18 തീയ്യതി.13-03-2019 – 58,958/-

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിലെ കൂവപ്പാറ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഭീമനടി സെക്ഷനാണ് ഈ പ്രവർത്തി നടത്തേണ്ടത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭീമനടി ഇലക്ട്രിക്കൽ സെക്ഷന്റെ കത്ത് നം.DB/02/18-19/S/c/BDY-126/19-02-2019 പ്രകാരം ആകെ 1,53,958/- രൂപയുടെ ഡിമാന്റ് നോട്ടീസ് സമർപ്പിക്കുകയും, ഈ പദ്ധതിക്കായി മേൽ ട്രഷറി ബില്ല് പ്രകാരം വികസന ഫണ്ടിൽ നിന്നും

ആകെ 1,53,958/-രൂപ പിൻവലിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭീമനടി ഇലക്ട്രിക്കൽ സെക്ഷന്റെ പേരിൽ സിൻഡിക്കേറ്റ് ബാങ്ക് ശാഖയിലെ അക്കൗണ്ട് നം.17802010000002 ലേക്ക് ഡെപ്പോസിറ്റ് നടത്തുകയും ചെയ്തു. ഈ പ്രവർത്തി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)ഈ പ്രവർത്തി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ്, ഭരണസമിതി അംഗീകാരം നൽകിയ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)ആകെ 1,53,958/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവർത്തികൾ പൂർത്തികരിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഭീമനടി ഇലക്ട്രിക്കൽ സെക്ഷന്റെ അസി.എഞ്ചിനീയറുമായി കരാർ ഒപ്പുട്ടതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4)തുക നിക്ഷേപിക്കുന്നതിന് തയ്യാറാക്കിയ നടപടിക്രമം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5)മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ. 06/28-11-2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദവിവിരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 1,53,958/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 പ്രോജക്ട് നമ്പർ.SO102/19- വയോജനങ്ങൾക്ക് കട്ടിൽ-(പട്ടിക വർഗ്ഗം) അപാകത.

| | |
|---|---|
| പ്രോജക്ട് നം. | SO102/19 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ-പട്ടിക വർഗ്ഗം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് തുക | 10,00,499/-രൂപ (വികസന ഫണ്ട് -ടി.എസ്.പി) |
| ബിൽ നമ്പർ, തീയതി | 09/18-19 തീയ്യതി.19-03-2019 |

വയോജനങ്ങൾക്ക് കട്ടിൽ (പട്ടിക വർഗ്ഗം) എന്ന പദ്ധതിക്കായി 10,00,499/-(റ്റി.എസ്.പി. ഫണ്ട്) രൂപ വകയിരുത്തി 230 പേർക്ക് കട്ടിൽ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ആലുവ എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.429/2018-19 തീയ്യതി.31-01-2019 പ്രകാരം ആകെ 230 കട്ടിൽ വിതരണം ചെയ്യുകയും ഒരു കട്ടിൽ 4350രൂപ പ്രകാരം ആകെ 10,00,499/- രൂപ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ആലുവ എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.43101010005360 ) ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയും ചെയ്തു.

<u>ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തി.</u>

**1)** അറുപത് വയസ്സ് തികഞ്ഞ വയോജനങ്ങൾക്കാണ് കട്ടിൽ വിതരണം നടത്തേണ്ടിയിരുന്നത് എന്നാൽ അറുപത് വയസ്സ് തികയാത്ത 13 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തതായി കാണുന്നു ആയതിന്റെ കാരണം വ്യക്തമല്ല. സബ്സിഡി മാർഗ്ഗരേഖയിലെ (GO(MS)No:80/2017/LSGD/03.04.2017) ഖ:20 ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അർഹത മാനദണ്ഡങ്ങൾ (പ്രായം,ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവ) അറുപത് വയസ്സ് തികയാത്ത 13 ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

i) കല്യാണി, കുറവാട്ട് വീട്ടിൽ, പറമ്പ റേഷൻകട, ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -57 (1961) (ആധാർ നം.792932453282)

ii)ലക്ഷ്മണൻ.കെ.വി, കുറവാട്ട് വീട്, കണ്ണംകുന്ന്, പുന്നക്കുന്ന്. ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -56 (1962) (ആധാർ നം759853235288)

iii)ചിരുത, ആലത്തടി പറമ്പ , പറമ്പ പി.ഒ. ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -56 (1962) (ആധാർ നം.593680388090)

iv)കാർത്ത്യായനി, കോട്ടയിൽ വീട്, പറമ്പ. ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -54 (1964) (ആധാർ നം.934646148739)

v)കാരിച്ചി, കൊടയ്ക്കൽ വീട്, കൊടിയംകുണ്ട്, ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -59 (1959) (ആധാർ നം.817129439054)

vi) കമലാക്ഷി.കെ.എം, കക്കാട്ട് വീട്ടിൽ, പൂങ്ങോട്. ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -59 (1959) (ആധാർ നം.234945797900)

vii)കണ്ണൻ, കോട്ടയിൽ പറമ്പ, ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -59 (1959) (ആധാർ നം.473249500904)

viii)പാട്ടത്തിൽ കുഞ്ഞിക്കണ്ണൻ, s/o വീരൻ, പാട്ടത്തിൽ ഹൗസ്, കുറ്റിത്താന്നി, പറമ്പ, ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -59 (1959) (ആധാർ നം.804336234077)

ix)മാധവൻ.എം, മാണിയാട്ട് ഹൗസ്, മങ്കം,എളേരിത്തട്ട്, ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -55 (1963) (ആധാർ നം.453715162068)

x)കുഞ്ഞിരാമൻ, ഇടയിടത്ത് ഹൗസ്, താലോലപൊയിൽ, ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -51 (1967) (ആധാർ നം.532281953432)

xi)ദേവകി.എം, താഴത്ത് വീട്ടിൽ, കമ്മാടം, ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -59 (1959) (ആധാർ നം.691221149492)

xii)മദിയ,വില്ല്യാട്ട് ഹൗസ്, മണ്ണാട്ടിക്കവല, ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -56 (1962) (ആധാർ നം.479618432605)

xiii)പാറുകുട്ടി, കുറവാട്ട് വീട്ടിൽ, മൗവ്വേനി, ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -58 (1960) (ആധാർ നം.346325960919)

**2)** കട്ടിൽ കൈപ്പറ്റിയ ഗുണഭോക്താക്കൾ പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നവരാണ് എന്നു തെളിയിക്കുന്ന രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിലെ (GO(MS)No:80/2017/LSGD/03.04.2017) ഖ:20 ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച

നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അർഹത മാനദണ്ഡങ്ങൾ (പ്രായം,ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവ) ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ കൊടുക്കുന്നു.

a) ജാനകി, താഴത്തു വീട്.

b) ചിരുത, പള്ളിവാട്ടിൽ ഹൗസ്, നാട്ടൽ

c) കാർത്ത്യായനി, പറമ്പ, ഒറ്റക്കവുങ്ങ്, പറമ്പ പി.ഒ

d) പുത്തരിച്ചി, പാട്ടത്തിൽ ഹൗസ്, വണ്ണാലക്കുന്ന്, ജാതിമൂപ്പ്

e) കണ്ണൻ പുതിയഇടത്തിൽ, പുതിയഇടത്തിൽ, മൗവ്വേനി, കോട്ടമല

f) കാർത്ത്യായനി, ഇഞ്ചിക്കൽ, മൗവ്വേനി, കോട്ടമല

g) മാധവി, w/oചിങ്കൻ, രാരീരം വീട്

h) വെള്ളച്ചി, കോണോത്ത് ഹൗസ്, ചട്ടമലപൂശാരി കോളനി

i) മാണിക്കം, w/oചന്തൻ മൂലയ്ക്കൽ, കുണ്ടുപൊയിൽ

j) പോളച്ചി, ഇടയിടത്ത് ഹൗസ്, കണ്ണംകുന്ന് , പ്ലാച്ചിക്കര

k) വെള്ളച്ചി, കോണോത്ത് ഹൗസ്, ചട്ടമല, പറമ്പ

l) മാധവി, പാട്ടത്തിൽ, കൊടിയംകുണ്ട്, പൂന്നക്കുന്ന്

**3)**കട്ടിൽ കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രായം തെളിയിക്കുന്ന രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിലെ (GO(MS)No:80/2017/LSGD/03.04.2017) ഖ:20 ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അർഹത മാനദണ്ഡങ്ങൾ (പ്രായം,ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവ) പ്രായം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാത്ത ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ കൊടുക്കുന്നു.

i)ഭാസ്കരൻ, ആലത്തടി ഹൗസ്

ii)കാരിച്ചി, ആലത്തടി, കോളിയാട്

iiii) വെള്ളച്ചി , കുഞ്ഞിപുരയിൽ, പെരുമ്പട്ട

iv)രാഘവൻ, മണ്ണടിക്കവല

v)വെള്ളൻ, താഴത്തുവീട്, കുട്ടക്കളം, പൂന്നക്കുന്ന്

vi)മാണിക്കൻ, പുതിയകുട്ടത്തിൽ ഹൗസ്, വണ്ണാലകുന്ന്

vii)രാഘവൻ, ചന്തേര വീട്, പറമ്പ റേഷൻകട

viii)വെള്ളച്ചി, പാട്ടത്തിൽ ഹൗസ്, പറമ്പ

ix)പാല, വേളൂക്കാരൻ, നാട്ടക്കൽ

x)സരോജിനി, വാഴക്കോടൻ, കാവുന്തല, കോട്ടമല

xi)എം.കുഞ്ഞിക്കണ്ണൻ, മനിയരി വീട്ടിൽ, പൂങ്ങോട്

xii)ചെമ്പൻ, പാപ്പിനാട്, പെരളംതട്ട് കമ്പല്ലൂർ

xiii)ലക്ഷ്മി, പാപ്പിനിവീട്ടിൽ, ഏച്ചിപൊയിൽ

xiv)ഉമ്പിച്ചി, ഏഴില്ലത്ത് , വരക്കാട് , കോട്ടമല

xiv)ഭാസ്കരൻ.എം, മനിയരി വീട്, താലോലപൊയിൽ

xiv)എം.ഗോപാലൻ, താഴത്ത് വീട്, കമ്മാടം മണ്ഡപം

xiv)പാല, പുതിയകൂട്ടത്തിൽ, മൗവ്വേനി

xiv)ചിരുത, പള്ളിവീട്ടിൽ ഹൗസ്, നാട്ടക്കൽ,

xiv)വെള്ളച്ചി, കോണോത്ത് ഹൗസ്, ചട്ടമലപൂശാരി കോളനി

xiv)പോളച്ചി, ഇടയിടത്ത് ബൗസ്, കണ്ണംകുന്ന്, പ്ലാച്ചിക്കര

**4)**ഈ പദ്ധതിക്കുവേണ്ടിയുള്ള പർച്ചേസ് കമ്മിറ്റി, മോണിട്ടറിംഗ് റിപ്പോർട്ട് , ലഭ്യമാക്കിയ കട്ടിലുകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

**5)** പർച്ചേസ് നടപടികൾക്ക് ഭരണസമിതി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**6)** പദ്ധതിക്കുവേണ്ടി വാങ്ങിയ കട്ടിലുകൾ സ്റ്റോക്ക് ബുക്കിൽ ചേർത്ത് ഗുണഭോക്താക്കൾ വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ. 11/02-12-2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 10,00,499/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-22 ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ട് - വികസന ഫണ്ട് (ജനറൽ)

പ്രൊജക്ട് നം.S001/19

ബിൽ നമ്പർ - 07/2018-19 തീയ്യതി.12-09-2018 –1,12,545/-

ഈ പദ്ധതി പ്രകാരം ഇൻഫർമേഷൻ കേരളാ മിഷന് ഗ്രാമ പഞ്ചായത്ത് വിഹിതമായി 1,12,545/- രൂപ (അക്കൗണ്ട് നം 57047023512) നൽകിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതു വരെ പഞ്ചായത്ത് കരസ്ഥമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും, കൈപ്പറ്റ് രസീതിയും

പരിശോധനയ്ക്ക് ഹാജരാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.12തീയ്യതി 02-12-2019)

## 1-23 ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ആകെ 11,34,000/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ പൊതു ടാപ്പുകളുടെ പ്രവർത്തന ക്ഷമത സംബന്ധിച്ച് ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും നാളിതു വരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതുകൊണ്ടു തന്നെ ഉപയോഗിക്കുന്ന ജലത്തിന് തന്നെയാണ് ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പു വരുത്തുക സാധ്യമല്ല. പൊതു ടാപ്പുകളുടെ എണ്ണം, സ്ഥാനം തുടങ്ങിയ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ടാപ്പുകളുടെ എണ്ണം, പ്രവർത്തന ക്ഷമത എന്നീ വിവരങ്ങളുടെ അഭാവത്തിൽ കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിലെ ചെലവിന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.
കുടിവെള്ള ടാപ്പുകളുടെ പൂർണമായ വിവര ശേഖരണം നടത്തേണ്ടതും വാട്ടർ അതോറിറ്റി അധികൃതരുമായി സഹകരിച്ച് ടാപ്പുകളുടെ പ്രവർത്തന ക്ഷമത വിലയിരുത്തി പ്രതിമാസ കുടിവെള്ളക്കരത്തിൽ ക്രമീകരണം നടത്തേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പും സംരക്ഷണവുമായി ബന്ധപ്പെട്ട് 30/05/2009 ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 1275/2009 നമ്പരായ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പഞ്ചായത്ത് അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.08തീയ്യതി 28 -11-2019)

## 1-24 തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് - തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് 2018-19 ൽ 97,407/-രൂപ കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമപഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രഎണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല. കത്താത്ത തെരുവ് വിളക്കുകൾക്ക്കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കേണ്ടതാണ്.

തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രവുമല്ല തെരുവ് വിളക്കുകൾ പഞ്ചായത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്, എപ്പോഴാണ് സ്ഥാപിച്ചത്, ഏതൊക്കെയാണ് കേടായത് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കാൻ അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.08തീയ്യതി 28 -11-2019).

## 1-25 പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു

## വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ഗവ.ആയുർവേദ ഡിസ്പെൻസറി (ഭീമനടി, ഭീമനടി .പി.ഒ), ഗവ.ആയുർവേദ ഡിസ്പെൻസറി (മുക്കട,വെസ്റ്റ് എളേരി .പി.ഒ), ഗവ.ഹോമിയോഡിസ്പെൻസറി, (കമ്മാടം, മണ്ഡപം പി.ഒ), പി.എച്ച്.സി (നർക്കിലക്കാട്, കോട്ടമല പി.ഒ), പി.എച്ച്.സി (മവുക്കോട്ട്, പി.ഒ.പെരുപട്ടം) എന്നി ആശുപത്രികൾ നിലവിലുണ്ട്. കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മേൽ ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ നാളിതുവരെയായും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ ആശുപത്രികളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

## 1-26 ആനുകൂല്യം അനുവദിച്ചിട്ടില്ലായെന്ന വകുപ്പ് തല സാക്ഷ്യ പത്രം ഹാജരാക്കിട്ടില്ല,414240 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പ് വിതരണം. |
| പ്രൊജക്ട് നമ്പർന്നു | 95/18-19 |
| ഫണ്ട് ഇനം | പട്ടികവർഗ്ഗ ഉപ പദ്ധതി |
| അടങ്കൽ തുക | 414240 |
| ചെലവ് തുക | 414240 |
| വൗച്ചർ /നമ്പർ തിയ്യതി | 4/18-19 തിയ്യതി.26-03-2019 |

പഞ്ചായത്തിലെ സ്ഥിര താമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക എന്ന ലക്ഷ്യം മുൻ നിർത്തി, ബിരുദ, ബിരുദാനന്തര മറ്റു പ്രൊഫണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക വേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ് പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പ് വിതരണം. പട്ടിക വർഗ്ഗ ഉപ പദ്ധതിപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ

414240 രൂപ ചെലവഴിച്ച് 16 കുട്ടികൾക്കു ലാപ് ടോപ്പ് വിതരണം നടത്തിട്ടുണ്ട്. 14-02-2018 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 22/2018 ത.സ്വ.ഭ.വ. ഖണ്ഡിക 7.2.8. പ്രകാരം മേൽ പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ്, പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും മേൽ ഗുണഭോക്താക്കൾക്ക് ഇതിനു മുമ്പ് ഈ ആനുകൂല്യം അനുവദിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ, മേൽ സാക്ഷ്യ പത്രം ലഭ്യമാക്കാതെയാണ് പ്രൊജക്ട് നടപ്പിലാക്കിട്ടുള്ളത്. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ എന്ന് ഉത്തരവിൽ പരാമർശിക്കുന്നു. ലാപ്പ് ടോപ്പ് കൈപ്പറ്റിയ വിദ്യാർത്ഥികൾക്ക് ഇതിനു മുമ്പ് ഈ ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല.അതിനാൽ ഈ പ്രൊജക്ട് നടപ്പിലാക്കുന്നതിനായി ചെലവഴിച്ച 4,14,240 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-27 ലൈഫ് മിഷൻ പദ്ധതി - പൊതു അപാകതകൾ

| പദ്ധതിയുടെ പേര് | ലൈഫ് മിഷന് വിഹിതം നൽകൽ |
|---|---|
| പ്രൊജക്ട് നം.<br>പ്രൊജക്ട് നം. | 003/18-19 (പൊതു വിഭാഗം)<br>004 /18-19 ( പട്ടിക വർഗം) |
| അടങ്കൽ | 7,52,00,000/-<br>(വികസന ഫണ്ട് -ജനറൽ)<br>7,62,00,000/-<br>(വികസന ഫണ്ട് – ടി.എസ്.പി) |
| ചെലവ് : | 2,65,07,100/- (പൊതു വിഭാഗം)<br>2,09,71,047/- (പട്ടിക വർഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് മിഷൻ പദ്ധതിക്ക് വേണ്ടി വിവിധ വിഭാഗങ്ങളിലായി ആകെ 4,74,78,147/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി.

1. ലൈഫ് മിഷൻ മാരഗരേഖ പ്രകാരമുള്ള കരാർ വ്യവസ്ഥകൾ ഒന്നും തന്നെ എഴുതി ചേർക്കാതെയാണ് കരാർ ഉടമ്പടി ഒപ്പുവെച്ചിരിക്കുന്നത്. മുദ്രപത്രം വാങ്ങി, വ്യവസ്ഥകൾ ഒന്നും എഴുതാതെ ഒന്നാം കക്ഷിയും രണ്ടാം കക്ഷിയും ഒപ്പുവെച്ച് അത് അപേക്ഷയുടെ കൂടെ വെക്കുക മാത്രമാണ് ചെയ്തത് . കരാർ ഉടമ്പടിയിൽ വ്യവസ്ഥകൾ എഴുതി ചേർക്കാത്തതിനാൽ ലൈഫ് മിഷൻ പദ്ധതിയുടെ വ്യവസ്ഥകൾ അനുസരിച്ചാണ് ഗുണഭോക്താക്കൾ ഭവന നിർമാണം നടത്തിയതെന്ന് പറയാൻ സാധിക്കുകയില്ല.
2. പദ്ധതിയുടെ 45 ഓളം ഗുണഭോക്താക്കളുടെ ഫയലിൽ വാർഡുതല സമിതിയുടെ ശുപാർശ, സ്റ്റേജ് സർട്ടിഫിക്കറ്റ്, വി.ഇ.ഒയുടെ റിപ്പോർട്ട് എന്നിവ ലഭ്യമായില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-28 വനിതകൾക്ക് യോഗ പരിശീലനം - ഗുണഭോക്തൃ

# തെരഞ്ഞെടുപ്പ് - മാനദണ്ഡം പാലിച്ചു കാണുന്നില്ല

വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ വനിതകൾക്ക് യോഗ പരിശീലനം എന്ന പദ്ധതി (പ്രൊജക്ട് നം.91) യിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് യാതൊരു മാനദണ്ഡവും പാലിച്ചുകാണുന്നില്ല. ഗ്രാമസഭയോ വാർഡുതല സമിതിയോ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. എന്നാൽ യോഗ പരിശീലനത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. യോഗപരിശീലനത്തെക്കുറിച്ച് നോട്ടീസ് അടിക്കുകയും രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുകയുമാണ് ചെയ്തത്. ഇങ്ങനെ ചെയ്തതു മൂലം പദ്ധതിയെക്കുറിച്ച് ഭൂരിഭാഗം ആളുകളും അറിയാതെ വരികയും ജനങ്ങൾക്ക് യോഗ പരിശീലിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തുകയുമാണ് ഉണ്ടായത്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-29 മരാമത്ത് പ്രവൃത്തികൾ- പ്രവൃത്തി നിർവഹണത്തിലെ കാലതാമസം

2018-19 ൽ ചെലവു നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ചില പ്രവൃത്തികളുടെ നിർവഹണത്തിൽ വലിയ കാലതാമസം വന്നിട്ടുള്ളതായി പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കാണുന്നു. പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ചിട്ടുള്ള കരാർ ഉടമ്പടികളിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്ത പക്ഷം അതിൽ കൂടുതൽ വരുന്ന ഓരോ മൂന്നു മാസത്തേക്ക് കരാർ തുകയുടെ ഒരു ശതമാനവും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ രണ്ടു ശതമാനം വീതവും പിഴ ചുമത്തിക്കൊണ്ട് മാത്രമേ കരാർ കാലാവധി നീട്ടിക്കൊടുക്കാവൂ. ഇപ്രകാരം കാലാവധി നീട്ടുന്നതിന് സപ്ലിമെന്ററി കരാർ ചമക്കേണ്ടതുമുണ്ട്. എന്നാൽ മേൽ പ്രവൃത്തികളിൽ സപ്ലിമെന്ററി കരാർ ചമച്ച് പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുകയോ,പൂർത്തീകരണത്തിലെ കാലതാമസത്തിന് പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. കരാർ ചമച്ചതിനു ശേഷം കരാറുകാരൻ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി അധികാരികൾ/ നിർവഹണ ഉദ്യോഗസ്ഥർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. കാലതാമസവുമായി ബന്ധപ്പെട്ട് യാതൊരു വിശദീകരണവും ബന്ധപ്പെട്ട ഫയലുകളിൽ ലഭ്യമല്ല. നിർവഹണ സമയം ഓരോ പ്രോജക്ടിന്റെയും കാതലായ ഭാഗമാണ്. പ്രവൃത്തി നിർവഹണം കരാർ പ്രകാരം നടക്കുന്നുവെന്ന് യഥാകാലങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവിനേക്കാൾ അധികം സമയം വിനിയോഗിച്ചതിന് കരാർ പ്രകാരമുള്ള പിഴ കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു.ചില ഉദാഹരണങ്ങൾ ചുവടെ നൽകുന്നു(സ്പിൽ ഓവർ പദ്ധതികളാണെങ്കിലും, 2018-19 ലെ പ്രോജക്ട് നമ്പറുകൾ ചേർത്തിരിക്കുന്നു).

| ക്രമ നം | പ്രവർത്തിയുടെ വിശദാംശങ്ങൾ | | ഈടാക്കേണ്ടിയിരുന്ന പിഴ | |
|---|---|---|---|---|
| 1 | Name of Project | കോട്ടമല കുടിവെള്ള പദ്ധതി(139/19) | ആദ്യത്തെ മൂന്ന് മാസ ങ്ങൾ - PAC യുടെ 1%, കുറഞ്ഞത് 1000/- രൂപ | 1,823 |
| | Name of | അരുൺ ജോസ് | | |

| | | | | |
|---|---|---|---|---|
| | Contractor | | | |
| | PAC | 1,82,300 | | |
| | Agreement No. | 70/17-18/03.03.2018 | തുടർന്നുള്ള മാസ ങ്ങൾ - PAC തുക യുടെ 2%, കുറഞ്ഞത് 2000/- രൂപ | 3,646 |
| | Period of Completion | 31.03.2018 | | |
| | Site handed over on | 03.03.2018 | | |
| | M Book no. | 89/17-18 | | |
| | Last CheckMeasurement | 13.03.2019 | | |
| | Delay | One Year | | |
| | Bill Details,Fund | BN:05/18-19;₹.81,925/-Dtd:24.05.18, BN:01/19-20;₹30,808/-Dtd:13.05.19 Dev.Fund (SCP) (Final Payment is pending) | | |
| 2 | Name of Project | അംഗനവാടികൾക്ക് കെട്ടിട നിർമ്മാണം (നാട്ടക്കൽ, മൈലുവള്ളി) (171/19) | മൈലുവള്ളി അംഗനവാടിക്ക് സ്വന്തം സ്ഥലം ലഭി ക്കുന്നത് 22.03.2018 നാണെന്ന് അറിയിച്ചതിനാലും, നടപ ടിക്രമങ്ങൾ പാലിക്കാത്തതിനാലും, നാട്ടക്കൽ അംഗൻവാടിയുടെ നിർമ്മാണം യഥാസമയം പൂർത്തീകരിക്കാത്തതിനാലും, PAC യുടെ 1%, പിഴയായി കണക്കാക്കുന്നു. | 14,000 |
| | Name of Contractor | അരുൺ ജോസ് | | |
| | PAC | 14,00,000 | | |
| | Agreement No. | 31/17-18/20.12.2017 | | |
| | Period of Completion | One Year for Buildings (since no such entry was made on any relevant forms) | | |
| | Site handed over on | 20/12/2017 | | |
| | M Book no. | 86/17-18; 22/18-19; 66/18-19 | | |
| | Last CheckMeasurement | 02.03.2019 | | |
| | Delay | 01 year 02 months | | |
| | Bill Details,Fund | BN:40/18-19; ₹4,00,000/- ; 29.12.18(DF-Gen); BN:41/18-19; ₹77,970/- ;29.12.18 (CFC) , BN:15/19-20; ₹3,42,717/- ;17.07.19 BN:16/19-20; ₹5,03,294/- ;17.07.19 | | |
| 3 | Name of Project | GLPS പെരുമ്പട്ട- പെൺകുട്ടികൾക്കുള്ള ടോയ് ലെറ്റ് (152/19) | ആദ്യത്തെ മൂന്ന് മാസ ങ്ങൾ - PAC യുടെ 1%, കുറഞ്ഞത് 1000/- രൂപ | 2,000 |
| | Name of Contractor | രാജീവ് കുമാർ .പി. ആർ | | |
| | PAC | 2,00,000/- | | |
| | Agreement No. | 03/17-18/19.10.2017 | തുടർന്നുള്ള മാസ ങ്ങൾ - PAC തുക യുടെ 2%, കുറഞ്ഞത് 2000/- രൂപ | 4,000 |
| | Period of Completion | 31.03.2018 | | |
| | Site handed over | 19.10.2017 | | |

| | | | | |
|---|---|---|---|---|
| | on | | | |
| | M Book no. | 23/18-19 & 07/18-19 | | |
| | Last CheckMeasurement | 22.11.2018 | | |
| | Delay | 10 months | | |
| | Bill Details,Fund | BN:38/18-19; ₹94,611/-; (Dev Fund -Gen) | | |
| | ആകെ | | ₹.25,469/- | |

തുകകൾ ഈടാക്കി വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.17, തിയതി 03.12.2019).

## 1-30 സ്വകാര്യ ഉടമയുടെ വിനോദ സംരംഭ പദ്ധതി - സുരക്ഷാ ക്രമീകരണങ്ങളിലെ ആശങ്കകൾ

പഞ്ചായത്ത് പരിധിയിലെ കുവപ്പാറ എന്ന സ്ഥലത്ത് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ 'കുവപ്പാറ നാച്ചുറൽ കേവ്സ്'എന്ന പേരിൽ ഒരു വിനോദ പ്രധാനമായ സംരംഭം നടത്തി വരുന്നുണ്ട്. പ്രകൃതി ദത്തമായ ഒരു ഗുഹയിലൂടെയുള്ള സഞ്ചാരമാണ് ഇവിടുത്തെ സവിശേഷത. ഗുഹയുടെ പ്രവേശന കവാടത്തിന് സമീപമായി ഇരിപ്പിടങ്ങളും,കുട്ടികൾക്കുള്ള കളിയൂഞ്ഞാലും മറ്റും സ്ഥാപിച്ചിട്ടുണ്ട്. ഗുഹയിലൂടെയുള്ള പ്രവേശനം പാസ്സ് മൂലം നിയന്ത്രിച്ചിട്ടുണ്ട് (മുതിർന്ന ഒരാൾക്ക് ₹ 40/- രൂപ നിരക്കിലാണ് ഫീസ് ഈടാക്കുന്നതെന്നാണ് അറിയുവാൻ കഴിഞ്ഞത് ).

സന്ദർശകർക്ക് സുരക്ഷിതമായ ട്രെക്കിങ് നടത്തുന്നതിനാവശ്യമായ സുരക്ഷാ ക്രമീകരണങ്ങളോ, വെളിച്ചമോ മറ്റ് അവശ്യ സംവിധാനങ്ങളോ ഇവിടെയില്ല. എന്തെങ്കിലും അത്യാഹിതം/ അടിയന്തിര സാഹചര്യം നേരിട്ടാൽ അവ കൈകാര്യം ചെയ്യുവാൻ പരിശീലനം ലഭിച്ച വ്യക്തികളോ, സംവിധാനങ്ങളോ ഒരുക്കിയിട്ടില്ല.

ഈ സംരംഭത്തിന് പഞ്ചായത്തിൽ നിന്നും ലൈസൻസോ മറ്റേതെങ്കിലും തരത്തിലുള്ള അനുമതിയോ ലഭിച്ചതായി അറിയിച്ചിട്ടില്ല. വിനോദ സഞ്ചാരം/ആർക്കിയോളജി/ പുരാവസ്തു/ റെവന്യൂ തുടങ്ങിയ സർക്കാർ സംവിധാനങ്ങളിൽ ഒന്നിൽ നിന്നും അനുമതിയോ അംഗീകാരമോ ലഭിച്ചതായും അറിവില്ല.

ആയതിനാൽ ശരിയായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച്, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും (പഞ്ചായത്ത്, റെവന്യൂ, ഫയർ & റെസ്ക്യൂ,ടൂറിസം, ദുരന്ത നിവാരണ അതോറിറ്റി തുടങ്ങിയവ) അനുമതി വാങ്ങി, നിയമപ്രകാരമുള്ള ഫീസുകളും നികുതിയും (വിനോദ നികുതി, GST തുടങ്ങിയവ) നൽകി ഈ സംരംഭത്തിന്റെ കാര്യക്ഷമവും ഫലപ്രദവുമായ പ്രവർത്തനത്തിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയെ ചുമതലപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകത – 3800 രൂപയുടെ നഷ്ടം .

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232-(1) പ്രകാരം, മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യത ഉള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾ, പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായുംപഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന്, കേരളാ പഞ്ചായത്ത് രാജ് ചട്ടം 18 ലെ പട്ടിക iiiപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലെ ചീർക്കയം എന്ന സ്ഥലത്ത് അലക്സ് തോമസ് എന്നവരുടെ ഉടമസ്ഥതയിലുള്ള NJT ഗ്രാനൈറ്റ്സ് എന്ന സ്റ്റോൺ ക്രഷറിൽ പ്രവർത്തിക്കുന്ന530 കുതിര ശക്തിയുള്ള വൈദ്യുതി യന്ത്രത്തിന് ആനുപാതികമായി ചുമത്താവുന്ന ഫീസ് പഞ്ചായത്ത് പൂർണ്ണമായും ചുമത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 14/2018-19 തിയ്യതി .30.11.2019 ) വിശദ വിവരം താഴെ ചേർക്കുന്നു..

| ക്രഷറിൽ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കാനുള്ള ലൈസൻസ് ഫീ |
|---|---|---|---|
| 530 | 5300 | 1500 | 3800 |

ഈടാക്കാനുള്ള ലൈസൻസ് ഫീ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018-19 | 26-06-2019 മുതൽ 27-06-2019 വരെ | കെ.എസ്.എ-കെ.എസ്.ഡി3/336/2019, തീയ്യതി.22-07-2019. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച തീയ്യതി | ലഭിച്ച തുക | പ്രോജക്ടിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 20/07/2018 | 1203367 | ലൈഫ് ഹൗസിംഗ് സ്കീം (ജനറൽ) | 1203367 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20/07/2018 | 411029 | ലൈഫ് ഹൗസിംഗ് സ്കീം (പ.വ) | 411029 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 06/08/2018 | 200000 | പച്ചക്കറി കൃഷി | 112200 | 87800 |
| ബ്ലോക്ക് പഞ്ചായത്ത് | 06/08/2018 | 1203367 | ലൈഫ് ഹൗസിംഗ് സ്കീം (ജനറൽ) | 1203367 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 06/08/2018 | 411028 | ലൈഫ് ഹൗസിംഗ് സ്കീം (പ.വ) | 411028 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 06/08/2018 | 293428 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 293428 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 15/10/2018 | 554000 | ലൈഫ് ഹൗസിംഗ് സ്കീം (ജനറൽ) | 554000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20/12/2018 | 15000 | എലി നശീകരണം | 15000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 29/12/2018 | 1000000 | ലൈഫ് ഹൗസിംഗ് സ്കീം (ജനറൽ) | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 06/08/2018 | 1000000 | ക്ഷീരകർഷകർകപാലിന് സബ്സിഡി | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 15/10/2018 | 1435376 | ലൈഫ് ഹൗസിംഗ് സ്കീം (ജനറൽ) | 1435376 | 0 |
| ജില്ലാ പഞ്ചായത്ത് | 15/10/2018 | 588889 | ലൈഫ് ഹൗസിംഗ് സ്കീം (പ.വ) | 588889 | 0 |
| ജില്ലാ പഞ്ചായത്ത് | 29/12/2018 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 06/02/2019 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 196800 | 53200 |
| ജില്ലാ പഞ്ചായത്ത് | 06/02/2019 | 200000 | കിണർ റീചാർജ്ജിംഗ് | 119569 | 80431 |
| ജില്ലാ പഞ്ചായത്ത് | 08/03/2019 | 777100 | ലൈഫ് ഹൗസിംഗ് സ്കീം (ജനറൽ) | 777100 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

വായ്പാ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | GO(MS) 68/18 തീയതി18/05/2018, GO(MS) 100/18 തീയതി 30/07/18, GO(MS) 110/18 തീയതി 13/08/2018 | 32571950 | 0 | 0 | 0 | 32571950 |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സ) നം.565/10 തസ്വഭവ,തി. 27-02-2010 | ₹1,29,50,000 | ₹6,91,433/- | ---- | ---- | ₹6,91,433/- |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി ഇനത്തിൽ 2018-19 വർഷത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
| 1999-2000<br>plan | 10 | 2005-06 | 2.94.1 | ഹൗസിങ്ങ് ബോർഡിൽ തുക നിക്ഷേപിച്ചത്<br>₹29,25,000 | വിനിയോഗസാക്ഷ്യ പത്രം സമർപ്പിച്ചിട്ടുണ്ട്. നിയമസഭ സമിതി പരിഗണനയിൽ |
| പ്രവർത്തനക്ഷമത റിപ്പോർട്ട് 2013-14 | - | 2014-15 | 4.1.7 | നിഷ്ക്രിയാവസ്ഥയിലുള്ള വിവിധ കുടിവെള്ള പദ്ധതികൾ | തടസ്സംതുടരുന്നു |
| പ്രവർത്തനക്ഷമത റിപ്പോർട്ട് 2013-14 | - | 2014-15 | 5.7.7 | പറമ്പ ICDP സബ്സെന്റർ 8 വർഷമായി വാടക ക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | തടസ്സംതുടരുന്നു |

# 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,31,38,887 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,21,11,953 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,800 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **39,13,697** |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (രൂപ) | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| 2-1 | 3,800 | ഇല്ല | സുനിൽകുമാർ പി ജി, സെക്രട്ടറി, |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,00,000 | ഡോ. ഷിജിൻ ജോൺ ആളൂർ<br>മെഡിക്കൽ ഓഫീസർ,PHC |

| | | |
|---|---|---|
| 1-18 | 20,25,000 | 15,00,000/-<br><br>രജിത്ത് ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| | | 4,50,000/-<br><br>വിജയൻ .എം അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് |
| | | 75,000/-<br><br>മുരുഗേഷ് കെ ആർ അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | 2,20,000 | മുരുഗേഷ് കെ ആർ അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 1,53,958 | മുരുഗേഷ് കെ ആർ അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 10,00,499 | മുരുഗേഷ് കെ ആർ അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 4,14,240 | സെബാസ്റ്റ്യൻ.വി, ഹെഡ്മാസ്റ്റർ |
| ആകെ | 39,13,697 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല.

# 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 (exp) | KSA.KSD.10/111/2016(3) തിയ്യതി.18.04.16 | 1 |
| 1997-98(p) | KSA.KSD.10/111/2016(4) തിയ്യതി.18.04.16 | 1 |
| 1997-98(f) | KSA.KSD.10/111/2016(5) തിയ്യതി.18.04.16 | 5 |
| 1998-99(p) | KSA.KSD.10/111/2016(6) തിയ്യതി.18.04.16 | 1 |
| 1998-99(f) | KSA.KSD.10/111/2016(7) തിയ്യതി.18.4.16 | 3 |
| 1999-00(p) | KSA.KSD.10/1234/2018തിയ്യതി.07-06-2019 | 2 |
| 2000-01(p) | KSA.KSD.10/1234/2018(7)തിയ്യതി.07-06-2019 | 1 |
| 2001-02(p) | KSA.KSD.10/1234/2018(8)തിയ്യതി.07-06-2019 | 3 |
| 2001-02(f) | KSA.KSD.10/1234/2018(9)തിയ്യതി.07-06-2019 | 5 |
| 2002-03 | KSA.KSD.10/1234/2018(10)തിയ്യതി.07-06-2019 | 4 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 2003-04 | KSA.KSD.10/1234/2018(11)തിയ്യതി.07-06-2019 | 5 |
| 2004-05 | KSA.KSD.10/1234/2018(12)തിയ്യതി.07-06-2019 | 4 |
| 2005-06 | KSA.KSD.10/1234/2018(13)തിയ്യതി.07-06-2019 | 6 |
| 2006-07 | KSA.KSD.10/1234/2018(14)തിയ്യതി.07-06-2019 | 11 |
| 2007-08 | KSA.KSD.10/111/2016(19) തിയ്യതി.18.04.16 | 18 |
| 2008-09 | KSA.KSD.10/111/2016(20) തിയ്യതി.18.04.16 | 11 |
| 2009-10 | KSA.KSD.10/111/2016(21) തിയ്യതി.18.04.16 | 19 |
| 2010-11& 2011-12 | KSA.KSD.10/382/2015 തിയ്യതി.20.11.15 | 27 |
| 2012-13& 2013-14 | KSA.KSD.10/1094/2016 തിയ്യതി.16.03.17 | 17 |
| 2014-15 | KSA.KSD.10/727/2016 തിയ്യതി.02.03.17 | 8 |
| 2015-16 | KSA.KSD.10/70/2017 തിയ്യതി.13.01.17 | 16 |
| 2016-17 | KSA.KSD.10/681/2017 തിയ്യതി.23.06.17 | 15 |
| 2017-18 | KSA.KSD.10/174/2019 തിയ്യതി.22.02.19 | 18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം: കെ.എസ്.എ/കെ.എസ്.ഡി.10/1159/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് - 671123.

ഇ-മെയിൽ : doksd.ksad@kerala.gov.in

ഫോൺ : 0499 4256690.

തീയ്യതി: 23-12-2019.

# സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും / 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ **വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 31.03.2019 -ൽ** അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ **വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ** 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-2 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

West Eleri Grama Panchayat
RECEIPT & PAYMENT STATEMENT
For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 5481135.00 |
| Cash | Cash | RP-40(a) | 86576.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1083260.00 |
| 140000000 | Fees & User Charges | RP-4 | 284405.00 |
| 150000000 | Sale & Hire Charges | RP-5 | 1033010.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 68775253.00 |
| 171000000 | Interest Earned | RP-9 | 143414.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 17174439.00 |
| 350000000 | Other Liabilities | RP-36 | 143188.00 |

| | | | |
|---|---|---|---|
| | **Non Operating** | | |
| 180000000 | Other Income | RP-10 | 756.00 |
| 311000000 | Earmarked Funds | RP-29 | 1907.00 |
| 330000000 | Secured Loans | RP-32 | 32571950.00 |
| 340000000 | Deposits Received | RP-34 | 29500.00 |
| 350000000 | Other Liabilities | RP-36 | 389975.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 11501830.00 |
| 460000000 | Loans, Advances and Deposits | RP-47 | 6000.00 |
| | **Grand total** | | **138706598.00** |
| | PAYMENTS | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3124562.00 |
| 220000000 | Administrative Expenses | RP-12 | 1177483.00 |
| 230000000 | Operations & Maintenance | RP-13 | 1553358.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7650128.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 33449971.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1520082.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 477361.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 356960.00 |
| 255000000 | Maintenance Projects | RP-20 | 11210358.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period item | RP-26 | -738.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 575463.00 |
| 350000000 | Other Liabilities | RP-36 | 4458021.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 26954.00 |
| 350000000 | Other Liabilities | RP-36 | 2041316.00 |
| 410000000 | Fixed Assets | RP-38 | 10053961.00 |
| 412000000 | Capital work in Progress | RP-40 | 9673355.00 |
| 440000000 | Pre-paid Expenses | RP-45 | 32571950.00 |
| 460000000 | Loans, Advances and Deposits | RP-47 | 1691408.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 16540004.00 |
| Cash | Cash | RP-40(b) | 54641.00 |
| | **Grand Total** | | **138706598.00** |

# അനുബന്ധം-3 ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| West Eleri Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3669064.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 181192.00 |
| 140000000 | Fee & User Charges | I-4(b) | 383555.00 |
| 150000000 | Sale & Hire Charges | I-5(b) | 1057510.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 171258036.00 |
| 171000000 | Interest Earned | I-8 | 143414.00 |
| 180000000 | Other Income | I-9 | 369271.00 |
| | **Total Income** | | **177062042.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9327886.00 |
| 220000000 | Administrative Expenses | I-11(b) | 1176085.00 |
| 230000000 | Operations & Maintenance | I-12(b) | 1590520.00 |
| 240000000 | Interest & Finance Charges | I-13 | 26954.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10810661.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 80371095.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1520082.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 477361.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 47832260.00 |
| 255000000 | Maintenance Projects | I-14(e) | 11210358.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| 272000000 | Depreciation | I-17(a) | 13411246.00 |
| | **Total Expenditure** | | **178254508.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-1192466.00** |
| 280000000 | Prior Period Item | I-18 | -34016.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-1158450.00** |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# <u>അനുബന്ധം-4 ബാലൻസ് ഷീറ്റ്</u>

| West Eleri Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -11085651.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 16962.00 |
| 312000000 | Reserves | B-3 | 112550917.00 |
| | **Total Reserve & Surplus** | | **101482227.60** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7935016.00 |
| | **Total Grants, Contributions for Specific Purposes** | | **7935016.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 33263383.00 |
| | **Total Loans** | | **33263383.00** |
| | | | |

| | | | |
|---|---|---|---|
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 237008.00 |
| 350000000 | Other Liabilities | B-9 | 1115093.40 |
| | **Total Current Liabilities and Provisions** | | **1352101.40** |
| | TOTAL LIABILITIES | | **144032728.00** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 144833520.00 |
| 411000000 | Accumulated Depreciation | B-11 | -51676727.00 |
| 412000000 | Capital Work in Progress | B-11(a) | 121650.00 |
| | **Total Fixed Assets** | | **93278443.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 36079.00 |
| 440000000 | Pre-paid Expenses | B-16 | 33263383.00 |
| 450000000 | Cash and Bank Balance | B-17 | 16594645.00 |
| 460000000 | Loans, Advances and Deposits | B-18 | 860178.00 |
| | **Total Current Assets, Loans and Advances** | | **50754285.00** |

| | |
|---|---|
| **Other Assets** | |
| **Miscellaneous Expenditure (To the Extent not written off)** | |
| TOTAL ASSETS | **144032728.00** |